## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 168 — 14.08.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണം സുതാര്യമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, കോവൂർ കുഞ്ഞുമോൻ<br>,, സി.കെ.നാണു<br>,, കെ.ബി.ഗണേഷ് കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ ഭക്ഷ്യ വസ്തുക്കൾ കരിഞ്ചന്തയിൽ പോകുന്നത് തടയാൻ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാനും റേഷൻ വിതരണം സുതാര്യമാക്കുവാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുമ്പോൾ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻസാധനങ്ങൾ ലഭിക്കുമെന്ന് ഉറപ്പ് വരുത്താൻ സാധിക്കും. റേഷൻകടകളിൽ നേരിട്ട് വാതിൽപ്പടി വിതരണം മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ സാധനങ്ങളുടെ വിനിയോഗവും സപ്ലൈ ചെയിൻ മാനേജ്മെന്റും ആട്ടോമേറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എൻ.ഐ.സി. വികസിപ്പിച്ചു വരുന്നു. പുതിയ റേഷൻകാർഡുകളുടെ വിതരണം പൂർത്തിയാകാറായി. പരാതി പരിഹാരത്തിനുള്ള സംവിധാനവും വികസിപ്പിച്ചിട്ടുണ്ട്. ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായി നടപ്പാക്കുന്നതോടെ റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി മാറും. |

(സി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കൽ എന്നിവയിൽ എന്തൊക്കെ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനു വേണ്ടി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നു വരികയും ചെയ്യുന്നു. ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുന്നതിന് **RFP (Request for Proposal)** തയ്യാറാക്കിയിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*